# കവി(ത)യുടെ വിധി

അശ്റഫ് കല്ലോട്

ഒരു ദിനം ഒരാൾ
കടലാസും പേനയുമെടുത്ത്
ദൈവത്തോട്
കവിത യാചിച്ചു

ദൈവം
ചില ഉപദേശങ്ങൾ നൽകി
പിന്തിരിപ്പിക്കാൻ
ഒരു വിഫലശ്രമം നടത്തി.
ഒടുവിൽ ഗത്യന്തരമില്ലാതെ
ഒരു കവിത ഇട്ടു കൊടുത്തു.
അയാളത്
കടലാസിലേക്ക് പകർത്തി
വാരികക്കയച്ചു
കവിത കേട്ടറിഞ്ഞ
പൊതുജനം
അയാൾക്കെതിരായി.



ഇജാസ് മുട്ടേത്ത്

## ദൈവം

സർവം

## നാവ്

അടിപ്പിക്കാനും
അടുപ്പിക്കാനും

## അധികാരം

പിടിച്ചുവാങ്ങാനൊരു
എളുപ്പമാർഗം

## പ്രശസ്തി

അഹങ്കാരത്തിനൊരു
അലങ്കാരം.

# വിചാരണാ മൃഗം

മുഹ്സിൻ അലി മട്ടാഞ്ചേരി

ഇലയും ജലവും തേടി
അലഞ്ഞുനടന്ന ഒരാട്
അറിയാതെ അധികാരികളുടെ മുന്നിൽചെന്ന് പെട്ടു.
ഒരാടിന്റെ പേരിനെ
ഏത് നൂലാമാലയിൽ തുന്നിച്ചേർത്താലാണ്
ആജീവനാന്തം കൂട്ടിലടക്കാനുള്ള
ഒരു വിചാരണാമൃഗത്തെ
രൂപപ്പെടുത്താനാവുകയെന്ന്
കമ്പ്യൂട്ടറിൽ ക്രമപ്പെടുത്തിക്കൊണ്ടിരിക്കുകയായിരുന്നു,
ആ ഉദ്യോഗസ്ഥരപ്പോൾ.
ബിരുദം നേടിയ ഒരു മുട്ടൻ ആടിനെ
എത്ര സ്ഫോടനങ്ങളുടെ
ഗർത്തങ്ങളിൽ തള്ളിയാലാണ്
ഒരു ദേശീയ പുരസ്കാരം
എത്തിപ്പിടിക്കാനാവുകയെന്ന് കൂടി
അവരപ്പോൾ മോണിട്ടറിൽ തിരയുകയായിരുന്നു.
ആയുധം തൊട്ടിട്ടില്ലാത്ത
കുഞ്ഞാടുകളുടെ കൈയിൽ
കാഞ്ചിവലിച്ച കറപുരട്ടാൻ എങ്ങനെയാണൊരു
പുത്തൻ തിരക്കഥ തയാറാക്കുകയെന്നാണവർ
ഒന്നിച്ചിരുന്ന് ചിന്തിക്കുന്നത്.
താടിയും തലപ്പാവുമുള്ള
ഒറ്റതിരിഞ്ഞ ഒരാടിന്റെ തലയല്ല,
തലതന്നെ ഇല്ലാത്ത ഒരുപറ്റം ആട്ടിൻകൂട്ടത്തിന്റെ
നിണംവാർന്ന ഉടലാണ്
അവരുടെ സ്വപ്നങ്ങളിൽ.

## ക്രൈസ്തവ സയണിസം



**പശ്ചിമേഷ്യൻ** രാഷ്ട്രീയവും യുദ്ധങ്ങളും ഇസ്രയേൽ -ഫലസ്തീൻ പ്രശ്നങ്ങളുമെല്ലാം മനസ്സിലാക്കാൻ ക്രൈസ്തവ സയണിസത്തെക്കുറിച്ച അറിവ് അനിവാര്യമാണ്. അത്തരം അറിവുകളിലേക്ക് വെളിച്ചം വീശുന്നതാണ് വി.എ മുഹമ്മദ് അശ്റഫിന്റെ 'ക്രൈസ്തവ സയണിസം, അധിനിവേശത്തിന്റെ പ്രത്യയശാസ്ത്രം' എന്ന പുസ്തകം.

ഏതാണ്ട് കാൽനൂറ്റാണ്ടത്തെ പഠനത്തിന്റെയും ഗവേഷണത്തിന്റെയും ഫലമായ ഈ ഗ്രന്ഥം പ്രതിഫലിപ്പിക്കുന്നത് വിവിധ വിഷയങ്ങളിലുള്ള ഗ്രന്ഥകാരന്റെ ആഴമേറിയ പരിജ്ഞാനമാണെന്നെഴുതുന്നു അവതാരികയിൽ ഡോ. നൈനാൻ കോശി. പ്രസാധനം: സെന്റർ ഫോർ റിസർച്ച് ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസ്, അൽജാമിഅ ശാന്തപുരം. വിതരണം: ഐ.പി.എച്ച് വില: 110 രൂപ.

## റമദാൻ ഉറുദി




റമദാൻ പൂർണമായും ആധ്യാത്മിക അനുഭവമാണ്. വിശ്വാസികളെ സ്ഫുടം ചെയ്യുന്ന മഹത്തായ ദൗത്യമാണ് അത് നിർവഹിക്കുന്നത്. മറ്റു മാസങ്ങളിൽ നിന്ന് എങ്ങനെയെല്ലാം വ്യത്യസ്തമാണ് അതെന്നത് ഓരോരുത്തരുടെയും മനോഘടന അനുസരിച്ച് സംഭവിക്കുന്ന അത്ഭുതങ്ങളിൽ ഒന്നാണ്. റഫീഖ് തിരുവള്ളൂർ റമദാനിലെ മുപ്പത് ദിവസങ്ങളിലായി എഴുതിയ ബ്ലോഗെഴുത്തുകളുടെ സമാഹാരമാണ് 'റമദാൻ ഉറുദി'. സോഷ്യൽ മീഡിയയിൽ നിറഞ്ഞുനിന്ന നോമ്പനുഭവങ്ങളുടെ നിറമുള്ള ചിത്രങ്ങളിൽ ചിലതാണ് പുസ്തകത്തിൽ. പ്രസാധാനം: ഗ്രെയ്സ്. വില 70 രൂപ.




പുസ്തകപ്പുരയിലേക്കുള്ള പുസ്തകങ്ങൾ മൂന്ന് കോപ്പി വീതം അയക്കുക.

**വിലാസം**
പുസ്തകപ്പുര, പ്രബോധനം വാരിക
സിൽവർ ഹിൽസ്, കോഴിക്കോട്-12